ശ്രീ. ആർ. കൃഷ്ണൻ: അപ്പീൽ ഫയൽ ചെയ്യുകഴിഞ്ഞതാ?

ശ്രീ. ടി. വി. തോമസ്: ഫയൽ ചെയ്യുന്നതിനു് ആവശ്യമായ നടപടി കൈക്കൊള്ളുവാൻ അഡ്വക്കേറ്റ് ജനറലിനോടു് പറഞ്ഞിരിക്കുകയാണു്.

ശ്രീ. ആർ. കൃഷ്ണൻ: കർഷകത്തൊഴിലാളികളുടെ മിനിമംവേജു് അസാധുവാക്കിക്കൊണ്ടുള്ള ഹൈക്കോടതിവിധി സുപ്രീംകോടതി റദ്ദു ചെയ്യുകയാണെങ്കിൽ മിനിമംവേജു് നിലവിലിരുന്നതുമുതൽ അതു് കിട്ടുവാൻ തൊഴിലാളികൾക്കു് അവകാശം ഉണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: അതു് തീരുമാനത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പു്: എന്തുകാരണംകൊണ്ടാണു് മിനിമംവേജു് അസാധുവാക്കണമെന്നു് ഹൈക്കോടതി അഭിപ്രായപ്പെട്ടതു്?

ശ്രീ. ടി. വി. തോമസ്: മിനിമംവേജു് നടപ്പാക്കുന്നതിനു് രണ്ടുമാസത്തിനുള്ളിൽ എതിർപ്പുണ്ടെങ്കിൽ അറിയിക്കണമെന്നു് പറഞ്ഞിരുന്നു. ക്ലിപ്തമായ തീയതി പറഞ്ഞിരുന്നില്ലെന്നാണു് ഹൈക്കോടതിയുടെ ആക്ഷേപം. അതു് ശരിയല്ലെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം.

അട്ടപ്പാടിയുടെ വികസനത്തിനുള്ള സ്കീമുകൾ.

* 1325. [4] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാടു് ജില്ലയിൽപ്പെട്ടതും മുന്നൂറിലധികം ചതുരശ്രമൈൽ വിസ്തൃതിയുള്ളതും വിഭവസമൃദ്ധമെന്നു് പുകൾപെറ്റതുമായ അട്ടപ്പാടിയുടെ വികസനത്തെ ഉദ്ദേശിച്ചുകൊണ്ടു് ജില്ലാ വികസന കൗൺസിലിൽനിന്നോ, ജില്ലാ കളക്ടരിൽനിന്നോ എന്തെങ്കിലും സ്കീമുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ സർക്കാർ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പ്രദേശത്തിന്റെ പ്രത്യേകതയെ പരിഗണിച്ചു് ഒരു അട്ടപ്പാടി വികസനബോർഡു് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഉണ്ടു്.

(ബി) അവ പരിഗണനയിൽ ഇരിക്കുകയാണു്.

(സി) ഒരു 'അട്ടപ്പാടി വികസനബോർഡു്' രൂപീകരിക്കുവാനുള്ള നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: അട്ടപ്പാടിയെപ്പോലെതന്നെ വികസനസാദ്ധ്യത ഉള്ളതായ മലയോരപ്രദേശങ്ങളും കേരളത്തിൽ ഉള്ളതുകൊണ്ടു് അപാതുവിൽ അങ്ങനെയുള്ള പ്രദേശങ്ങളുടെ അഭിവൃദ്ധിയെ ലാക്കാക്കി "മലനാടു ബോർഡു്" എന്ന രൂപത്തിൽ ഒരു ബോർഡു് രൂപീകരിക്കുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: ഇപ്പോൾ അങ്ങനെ ആലോചനയില്ല. ഇപ്പോൾ അട്ടപ്പാടി സ്കീമിനെപ്പറ്റിയുള്ള നടപടികളാണു് പരിഗണനയിലുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly